**സൂത്രവാക്കുകൾ**
കലാസൗന്ദര്യശാസ്ത്രത്തിലേക്കൊരു പദകോശം
(നിഘണ്ടു)

Sutravaakkukal
Kalasoundaryashastrathilekkoru Padakosham
(Dictionary)

**എഡിറ്റർമാർ**
ആദർശ് സി.
രാജേഷ് എം.ആർ.

ആദ്യപതിപ്പ്
ഡിസംബർ 2020

ലേഔട്ട് & കവർ
ഹാഷിം എൻ.എം.

പ്രസാധനം
ഗയ പുത്തകച്ചാല, തൃശ്ശൂർ.
9809940750, 9496291260
gayaputhakachala@gmail.com

അച്ചടി
ഫ്രണ്ട്സ് ഓഫ്സെറ്റ് പ്രിന്റേഴ്സ്
കൊടുങ്ങല്ലൂർ, തൃശ്ശൂർ

© Rights Reserved
No part of this work may be produced or utilized in any form or by any means without the prior written permission of the publisher.

ISBN : 978-81-944372-7-7

₹ 800

## അഷ്ടനായിക

ഭാരതീയകലാചരിത്രത്തിലെ കാല്പനികമായ **സൗന്ദര്യശാസ്ത്ര** സങ്കല്പങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് അഷ്ടനായികാസങ്കല്പം. ഭാരതീയശാസ്ത്രീയനാട്യസങ്കല്പത്തിന്റെ ആധാരശിലയായ ഭരതമുനിയുടെ *നാട്യശാസ്ത്രം* മുതൽക്കേ രൂപകല്പന ചെയ്യപ്പെട്ടുപോന്നിട്ടുള്ള ഒന്നാണ് അഷ്ടനായികാ സങ്കല്പമെങ്കിലും വ്യത്യസ്ത ദേശവഴികളിലും കാവ്യചിന്തകളിലും രൂപപ്പെട്ട അനുഭൂതിമണ്ഡലത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സങ്കല്പനം പ്രമാണപ്പെട്ടും വിഭിന്നമാതൃകകളിൽ ആവിഷ്കരിക്കപ്പെട്ടും പോന്നിട്ടുള്ളത്. അതിനാൽത്തന്നെ സാങ്കല്പികവും സൗന്ദര്യാത്മകവുമായ അടിസ്ഥാനസങ്കല്പങ്ങളിൽ ഏകസ്വരൂപാത്മകമായ വിചാരം രൂപപ്പെടുത്തുമ്പോൾത്തന്നെ പ്രാദേശികവും അനുഭൂതിപരവുമായ കാല്പനികഛായാവ്യതിയാനവും കാത്തുസൂക്ഷിക്കുവാൻ 'അഷ്ടനായിക'യ്ക്കാവുന്നുണ്ട്.

അഷ്ടനായികയെപ്പറ്റിയുള്ള ഒരുപക്ഷേ ആദ്യത്തെ പ്രസ്താവ്യം *നാട്യശാസ്ത്ര*ത്തിലേതു തന്നെയായിരിക്കണം. *നാട്യശാസ്ത്ര*ത്തിലെ ഇരുപത്തിനാലാമധ്യായമായ സാമാന്യാഭിനയത്തിലെ രാജാക്കന്മാർ ചെയ്യുന്ന നായികോപചാരത്തെപ്പറ്റിപ്പറയുന്നകൂട്ടത്തിലാണ് എട്ടുതരത്തിലുള്ള നായികമാരെപ്പറ്റിയുള്ള (*നാട്യശാസ്ത്രം* അധ്യായം 24, ശ്ലോകം 183- 192) പരാമർശം കാണുന്നത്. *നാട്യശാസ്ത്ര*മുൾപ്പെടെയുള്ള എല്ലാ നാട്യശാസ്ത്രസങ്കല്പങ്ങളിലും നായികാഭേദത്തെപ്പറ്റി വിസ്തരിച്ചുചർച്ചചെയ്യുന്നുണ്ട്. സ്വഭാവം, ഗുണം എന്നിങ്ങനെ പല സംവർഗ്ഗങ്ങളിലുൾപ്പെടുന്ന 384 തരത്തിലുള്ള (എണ്ണത്തിൽ ഗ്രന്ഥങ്ങളിൽ വ്യതിയാനം കാണാമെങ്കിലും) നായികമാരെപ്പറ്റിയുള്ള പരാമർശങ്ങൾ നാട്യശാസ്ത്രഗ്രന്ഥങ്ങളിലെല്ലാം കാണാം.

നാട്യസങ്കല്പമനുസരിച്ച് നായക - നായികാഭേദങ്ങളെ വിവരിക്കുന്ന സന്ദർഭങ്ങളിലാണ് പ്രധാനപ്പെട്ട നായികാസങ്കല്പങ്ങൾ (ശീലഭേദം, പ്രകൃതിഭേദം ഒക്കെ അനുസരിച്ചുള്ളവ) ഭരതമുനി അവതരിപ്പിക്കുന്നത്. നാട്യാവതരണത്തിൽ നായകകുലമലങ്കരിക്കുന്ന രാജാക്കന്മാരുടെ നായികോപചാരങ്ങളെപ്പറ്റി പറയുന്ന സന്ദർഭത്തിലാണ്:

"തത്ര വാസകസജ്ജാ ച
വിരഹോത്ക്കണ്ഠിതാപി വാ
സ്വാധീനഭർത്തൃകാ ചാപി
കലഹാന്തരിതാപി വാ
ഖണ്ഡിതാ വിപ്രലബ്ധാ വാ
തഥാ പ്രോഷിതഭർത്തൃകാ
തഥാഭിസാരികാ ചൈവ
ജ്ഞേയാസ്ത്വഷ്ടൗ തു നായികാഃ" (183)

എന്നീ സങ്കല്പത്തിലുള്ള എട്ടുനായിമാർക്ക ഋതുകാലത്തിൽ നടത്തേണ്ടുന്ന ഉപചാരങ്ങളെപ്പറ്റിപറയുന്നത്.

അഷ്ടനായികാസങ്കല്പം സൂക്ഷ്മമായി പരിശോധിച്ചാൽ അവയുടെ അടിസ്ഥാനഭാവം ശൃംഗാരവും ഭേദത്തിനടിസ്ഥാനം നായികയുടെ അവസ്ഥയും (അല്ലെങ്കിൽ സന്ദർഭവും) ആണെന്നു കാണാം. ആദ്യനായികയായ വാസകസജ്ജ നായകാഗമനം പ്രതീക്ഷിച്ച സങ്കേതമൊരുക്കി (വാസക-സജ്ജ) അത്യാസക്തിയോടുകൂടി സ്വഗൃഹത്തിൽ അണിഞ്ഞൊരുങ്ങി നിൽക്കുന്നവളാണ്. രണ്ടാമത്തെ നായികയായ വിരഹോത്കണ്ഠിതയാകട്ടെ പലകാര്യങ്ങളിൽ മുഴുകി നായകൻ വരാത്തതിൽ ദുഖിച്ചിരിക്കുന്നവളാണ്. കാമകേളികളിലുള്ള രസത്താൽ ആകൃഷ്ടനായി നായകൻ തന്റേകൂടെത്തന്നെ പാർക്കുന്നതുകണ്ട് പരമാനന്ദംപൂണ്ട നായികയാണ് സ്വാധീനഭർത്തൃക (സ്വാധീനമുള്ള/ വിധേയപ്പെട്ട ഭർത്താവിനോടുകൂടിയവൾ). ഈർഷ്യാകലഹം നിമിത്തം കടന്നുപോയ നായകൻ തിരികെവരാത്തതിൽ അമർഷംപൂണ്ടിരിക്കുന്നവളാണ് നാലാമത്തെ നായികാസങ്കല്പത്തിലുള്ള കലഹാന്തരിത.

ഖണ്ഡിത എന്ന അഞ്ചാമത്തെ നായിക അന്യസ്ത്രീയിലുള്ള ആസക്തി നിമിത്തം പ്രിയൻ വരാത്തതിൽ ദുഖിച്ചിരിക്കുന്ന നായികയാണ്. വിപ്രലബ്ധ എന്ന നായികയാകട്ടെ പ്രിയൻ ദൂതിയെ അയച്ചിട്ടും സങ്കേതസ്ഥാനം നിശ്ചയിച്ചിട്ടും എന്തോ കാരണത്താൽ വഞ്ചിതയായിത്തീർന്നവളാണ്. എഴാമത്തെ നായികയായ പ്രോഷിതഭർത്തൃകയാകട്ടെ പലകാര്യങ്ങളും ഉദ്ദേശിച്ച് പ്രിയൻ ദേശാന്തരം പോവുകയാൽ കുറുനിരയും തലമുടിയും നീണ്ടുതൂങ്ങികിടക്കുന്നവളാണ്. മദവും മദനനും ബാധിച്ച് നാണംകെട്ട് നായകനെത്തേടിപോകുന്നവളാണ് എട്ടാമത്തെ

നായികയായ അഭിസാരിക. ഭരതന്റെ *നാട്യശാസ്ത്ര*സങ്കല്പമനുസരിച്ചുള്ള എട്ടുനായികമാരുടെ സാമാന്യപ്രകൃതിയിതാണ്. ശൃംഗാരമാണ് അടിസ്ഥാനഭാവമെന്നതിനാൽ സംഭോഗശൃഗാരവും വിപ്രലംഭശൃംഗാരവും അടിസ്ഥാനമാക്കിയും ഈ എട്ടുപേരെ ഗണപ്പെടുത്തുന്നുണ്ട്.

*നാട്യശാസ്ത്ര*ത്തിൽ അത്രകണ്ട് പ്രാധാന്യമൊന്നുമില്ലാത്ത ഈ നായികാസങ്കല്പം പിൽക്കാലത്ത് ഭാരതത്തിലൊട്ടാകെയും ഭാരതത്തിനുപുറത്ത് നേപ്പാളിലും മറ്റും ചിത്ര കല, ശില്പകല, നാട്യകല എന്നിങ്ങനെ സമസ്ത കലാവിഷ്ക്കാരമാതൃകകളിലും സൗന്ദര്യാത്മകമായി ആവിഷ്കരിക്കപ്പെട്ടുപോന്നിട്ടുണ്ട്. ഒരുപക്ഷേ ചിത്രകലയിലും നൃത്തരൂപങ്ങളിലുമൊക്കെ മറ്റൊരു നായികാഗണത്തിനുമില്ലാത്തവിധം പ്രാധാന്യത്തോടെ ഇത് ആവിഷ്കരിക്കപ്പെട്ടുപോന്നിട്ടുണ്ട്. ശീലം, പ്രകൃതി എന്നിവയുടെ അടിസ്ഥാനത്തിലുള്ള നായികമാർ കാമപ്രകൃതി ഭേദമനുസരിച്ചുള്ള പത്മിനിപോലുള്ള നായികമാർ എന്നിവയേക്കാളെല്ലാം ഈ അഷ്ടനായികാസങ്കല്പം പ്രാധാന്യം നേടിയത് അവ കേവലം ആശയപരം എന്നതിലുപരി അനുഭൂതിപരംകൂടിയായിരുന്നതിനാലാവണം.

രാമായണാദി ഇതിഹാസങ്ങളിലൂൾപ്പെടെ അഷ്ടനായികാസങ്കല്പത്തിലുള്ള ആവിഷ്കാരങ്ങൾക്ക് മാതൃകകൾ കണ്ടെത്താനാകുമെങ്കിലും ജയദേവരുടെ *ഗീതഗോവിന്ദ*മാണ് അതിനെ അനുഭൂതിപരമായ ആവിഷ്കൃതിയെന്ന നിലയിൽ സാർത്ഥകമാക്കുന്നത്. അഷ്ടനായികാസങ്കല്പത്തിന്റെ വികാസത്തിന്റെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ കാവ്യശാസ്ത്രകാരന്മാരേക്കാളുപരി കവികളും കലയുടെ പ്രയോക്താക്കളുമാണ് അതിൽ ഇടപ്പെട്ടിരുന്നതെന്ന വസ്തുത അതിന്റെ അനുഭൂതിപരമായ സൗന്ദര്യാത്മകതയെ അടയാളപ്പെടുത്തുന്നു.

ഭാരതത്തിൽ എല്ലായിടത്തും പ്രചരിച്ച വിശാലമായ ഭക്തിപ്രസ്ഥാനത്തിന്റെ ഭൂമികയിൽ രൂപപ്പെട്ടുവന്ന മധുരഭക്തിയുടെ ആവിഷ്കാരത്തിലും ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് രൂപപ്പെട്ട നൃത്തരൂപങ്ങളുടെ കാല്പനികമായ അനുഭതിമണ്ഡലത്തിലുമായി പടർന്നുവികസിക്കുകയായിരുന്നു ഈ അഷ്ടനായികാസങ്കല്പം എന്നുപറയാം. നൈരന്തര്യമുള്ള ആശയാവലികളിൽ നിന്നും ഭിന്നമായി ഹ്രസ്വവും കാല്പനികവുമായ അനുഭൂതി പ്രദാനംചെയ്യുന്ന പദം, ജാവലി പോലുള്ള സംഗീതരൂപങ്ങളുടെ ആവിഷ്കാരത്തിലും ചലനാത്മകമല്ലാത്ത ഒറ്റ നിമിഷങ്ങളുടെ അനുഭൂതിപ്രദാനം ചെയ്യേണ്ടിവരുന്ന ചിത്രസങ്കല്പത്തിലുമെല്ലാം മറ്റു നായികാസങ്കല്പങ്ങളേക്കാൾ അഷ്ടനായികാപ്രാധാന്യം കൈവരിച്ചു.

ഭരതമുനിക്കും ജയദേവനുംശേഷം ഈ നായികാസങ്കല്പത്തിൽ ഗണ്യമായ വികാസം കൈവരുന്നത് ഭാനുദത്തന്റെ *രസമഞ്ജരി*, കേശവദാസമിശ്രന്റെ *രസികപ്രിയ* എന്നീ ഗ്രന്ഥങ്ങളിലൂടെയാണ്. മധ്യപ്രദേശിൽ 16–ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 17–ാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി ജീവിച്ചിരുന്ന കവിയായിരുന്നു കേശവദാസമിശ്രൻ. നായികമാരുടെ പേരിലും (സ്വാധീനപതിക - സ്വാധീനഭർത്തൃക) ക്രമത്തിലുമെല്ലാമെല്ലാം വ്യത്യാസങ്ങൾ ദൃശ്യമാണെങ്കിലും ഭക്തിയുടെ പശ്ചാത്തലത്തിൽ ഈ സങ്കല്പത്തെ അനുഭൂതിമണ്ഡലത്തിൽ സൗന്ദര്യാത്മകമായി വികസിപ്പിക്കുവാൻ കേശവദാസന്റെ കൃതിക്കു സാധിച്ചിട്ടുണ്ട്. *രസികപ്രിയ*യിലെ ഈ നായികാസങ്കല്പത്തിന്റെ വികാസം രാജസ്ഥാനിമാതൃകയിലുള്ള ചിത്രകലയിൽ കാണുവാൻ സാധിക്കുമെന്ന് ചിത്രകലാനിരൂപകർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഭാരതീയകലാനിരൂപണരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള ആനന്ദകുമാരസ്വാമി അഷ്ടനായികമാരുടെ വികാസത്തെപ്പറ്റി സവിസ്തരം ചർച്ച ചെയ്ത് പിൽക്കാലത്ത് ചില സങ്കല്പമാതൃകകൾകൂടിചേർത്ത് പതിനൊന്നായി വികസിക്കുന്നുവെന്ന് പറയുന്നുണ്ട്. സാങ്കേതികമെന്നതിനേക്കാൾ അനുഭൂതിപരമാവുന്നതിനാലാണ് 17–ാം നൂറ്റാണ്ടിലെ കേശവദാസന്റെ *രസികപ്രിയ*യിലെ നായികാ സങ്കല്പത്തിൽ നിന്ന് നിർമ്മിച്ച രാജസ്ഥാനിശൈലിയിലുള്ള ചിത്രവും ക്ഷേത്രഅയ്യർ രചിച്ച "പയ്യാദ്ദാ..." എന്നുതുടങ്ങുന്ന പദത്തിലെ വിരഹോത്കണ്ഠിതയും സുബരാമ അയ്യരുടെ "ഇതേവിട് വേറെ വേണ്ടുമോ സാക്ഷി..." എന്ന പദത്തിലെ ഖണ്ഡിത നായികയുമെല്ലാം ദേശകാല അനുഭൂതിമണ്ഡലത്തിന്റെ മൂശയിലൂടെ

വ്യത്യസ്ത ആവിഷ്കാരമാതൃകകളായി മാറുന്നത്. കാലത്തിന്റെ പരിണാമഘട്ടത്തിൽ കാല്പനികമായ ഭാവനയുടെ മായികതയിൽ നിന്നു വ്യതിചലിച്ച അഭിസാരികയുൾപ്പെടെയുള്ള നായികാസങ്കല്പങ്ങൾ പക്ഷേ ഇന്നും നാട്യ, ചിത്ര, ശില്പകലയുടെ സൗന്ദര്യാത്മക അനുഭൂതിമണ്ഡലത്തിൽ നമ്മെ ആകൃഷ്ടരാക്കുന്നുവെന്നത് അഷ്ടനായികാസങ്കല്പത്തെ എക്കാലവും പ്രസക്തമാക്കുന്നു.

**ഗ്രന്ഥസൂചി**

ഭരതമുനി 1999 *ഭരതമുനിയുടെ നാട്യശാസ്ത്രം വാല്യം2*, വിവ. നാരായണപിഷാരോടി, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

Coomaraswamy, Ananda K. 2000 *The Eight Nayikas*, Munshiram Manoharlal Publishers Pvt. Ltd., New Delhi.

അനൂപ് വി.

# ആകൃതിപ്രഭാവം

മനുഷ്യന്റെ വിചാര-വികാര-ദർശനങ്ങളുടെ സങ്കല്പനപരമായ ആവിഷ്കാരമാണ് കല എന്നു ചിന്തിച്ചാൽ **പാരമ്പര്യ** ചികിത്സാരീതിയിലെ ദൂതലക്ഷണം പ്രാചീനകലയാണ്. പ്രത്യേകിച്ച് വിഷചികിത്സയുടെ പ്രധാനഭാഗമാണ് ദൂതലക്ഷണം. ദൂതലക്ഷണം ഉൾക്കൊള്ളാത്ത വിഷചികിത്സാഗ്രന്ഥങ്ങളില്ലെന്നു പറയാം. വിഷദംശനമേറ്റ വിവരം വൈദ്യനെ അറിയിക്കാനെത്തുന്ന ദൂതന്റെ ചേഷ്ടകളിൽ നിന്നും പാമ്പിന്റെ ഇനം, കടിച്ചസ്ഥലം, വിഷവേഗം, സാധ്യാസാധ്യതകൾ തുടങ്ങിയവ മനസ്സിലാക്കാനുള്ള ലക്ഷണശാസ്ത്രമാണിത്. ദ്രാവിഡപാരമ്പര്യത്തിലെ ദൂതലക്ഷണങ്ങളിലൊന്നാണ് ആകൃതിപ്രഭാവം.

മനുഷ്യ**ശരീര**ത്തെ ആവാസപരിസരവുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള ദർശനമാണ് ആകൃതിപ്രഭാവസിദ്ധാന്തം. കാട്, നീർത്തടം, പെരുവഴി, കൽക്കൂട്ടം, വയൽ, ശ്മശാനം, പുറ്റുകൾ, പൊത്തുകൾ, മടകൾ, തട്ടൊത്തനിലങ്ങൾ, കുന്നിൻപുറം, ഗ്രാമവാതിൽ, വേലി, ഏറ്റിറക്കങ്ങളുള്ള പ്രദേശം, ഇടവഴി, പറമ്പ് തുടങ്ങി നാം അധിവസിക്കുന്ന പരിസരം വൈവിധ്യം നിറഞ്ഞതാണ്. വൈവിധ്യം നിറഞ്ഞ **പ്രകൃതി**യെ മനുഷ്യശരീരമാകുന്ന പ്രകൃതിയിലേക്ക് മാറ്റി പണിയുകയാണ് ദൂതലാക്ഷണികർ. വൈദ്യനു മുന്നിലെത്തുമ്പോൾ ദൂതൻ തന്റെ ശരീരത്തിൽ എവിടെയാണോ ആദ്യം സ്പർശിക്കുന്നത്, ആ ഇടത്തെ വിഷദംശമേറ്റ പ്രദേശമാണ് എന്ന് അനുമാനിക്കുന്നു.

മനുഷ്യശരീരത്തെ ഒരു ആവാസവ്യവസ്ഥയായി കണ്ടുകൊണ്ട് ആവാസപരിസരത്തെ ശരീരക്ഷേത്രവുമായി സാമ്യപ്പെടുത്തി വിഷദംശം എവിടെനിന്നാണ് ഉണ്ടായതെന്നു കണ്ടെത്തുന്ന രീതിയാണ് ഇവിടെ അവലംബിക്കുന്നത്. ജീവമണ്ഡലത്തിന്റെ നിലനിൽപിന് അടിസ്ഥാനമായ ഘടകമാണ് ആവാസവ്യവസ്ഥ. ഇതുപ്രകാരം ശരീരത്തെ ഇക്കോസിസ്റ്റമായി നോക്കിക്കാണുന്നു. മനുഷ്യജീവിതത്തിന്റെ സങ്കീർണ്ണതയുടെ ആവിഷ്കാരത്തിനായി ജൈവബിംബങ്ങളുടേതായ രൂപകങ്ങൾ എത്രത്തോളം ഉപയോഗപ്പെടുത്തുന്നു എന്നതാണ് ഇതിന് ആധാരം. മനുഷ്യശരീരത്തിൽ ഓരോ അംഗത്തിനും എത്രമാത്രം പ്രാധാന്യമുണ്ടോ അതേ പ്രാധാന്യം പരിസ്ഥിതിക്കുമുണ്ടെന്ന് ഈ ദർശനം പകർന്നുതരുന്നു. കാടും മലയും പാറക്കെട്ടും ജലാശയവും വയലും പുറ്റും പൊത്തുകളുമൊക്കെ ചേർന്നാലാണ് ഒരു ആവാസവ്യവസ്ഥ പൂർണ്ണമാകുന്നുള്ളൂ. അതേപോലെ മനുഷ്യശരീരത്തിൽ അടിമുതൽ മുടിവരെ ഉൾച്ചേരുമ്പോൾമാത്രമേ പൂർണ്ണ ശരീരമാകുന്നുള്ളൂ. ശരീരത്തിന്റെ നിലനില്പിന് ഓരോ അംഗത്തിനുമുള്ള പ്രാധാന്യം പോലെ, പരിസ്ഥിതിയിലെ വൈവിധ്യമാർന്ന ഓരോ അംശത്തിനും അതിനെ ആരോഗ്യകരമായി നിലനിർത്താൻ തുല്യമായപങ്കുണ്ട്.

നമ്മുടെ ആവാസവ്യവസ്ഥയിലെ ജൈവസമ്പന്നതയെ വിളംബരം ചെയ്യുന്നു ഈ ദർശനയുക്തി. സർവ്വജീവജാലങ്ങളും പരസ്പരധാരണയോടെ ജീവിക്കുന്ന ചുറ്റുപാട് എത്രമാത്രം ജൈവസമ്പന്നമാണ് എന്നു എടുത്തുകാണിക്കുന്നു. കാട്, തണ്ണീർത്തടങ്ങൾ, നാൽക്കൂട്ടപെരുവഴികൾ, വയൽ, പറമ്പുകൾ, മരപ്പൊത്തുകൾ, കുണ്ടും കുഴിയും തുടങ്ങി വൈവിധ്യം നിറഞ്ഞതാണ് നമ്മുടെ ജൈവവ്യവസ്ഥ. ശരീരത്തിന്റെ കാര്യത്തിലും ഇതേ വൈവിധ്യമുണ്ട്. ജീവനെ നിലനിർത്തുന്നതിന് ശരീരത്തിന്റെ ഓരോ അംശത്തിനും തുല്യ പ്രാധാന്യമുണ്ട്. ഓരോ അംശവും നാം സൂക്ഷിച്ച് കൈകാര്യം ചെയ്യുന്നതുപോലെ